# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 05/2022
# 31.07.2022 എ.കെ.ജി.സി.ടി. ഭവൻ

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. യൂണിറ്റ് വിസിറ്റ്
4. മെമ്പർഷിപ്പ്
5. ഐഫെക്ടോ - പാർലമെന്റ് മാർച്ച്
6. മറ്റു വിഷയങ്ങൾ

**ഹാജർ**

ഡോ. പി. പി. പ്രകാശൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. എൻ. മനോജ്, സന്തോഷ് ടി. വർഗീസ്, ഡോ. ഗീതാനമ്പിയാർ, ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ഡോ. സുനിൽ വി.ടി., ഡോ. പ്രിൻസ് പി. ആർ., ഡോ. ഗായത്രി ദേവി. ജി., ഡോ. ആർ. പ്രഗാഷ് ഡോ.സജ്ജയ് എസ്.എസ്,., ഡോ. ഷീബ ദിവാകരൻ, ഡോ. എം. എ. അസ്കർ, ഡോ. സുനിത ഗണേഷ്, ഡോ. വിഷ്ണു വി. എസ്., ഡോ. ടി. എ. ആനന്ദ്, ഡോ. സെനോ ജോസ്, ഡോ. മാണിക്യരാജ് കെ., ജയരാജ് ജെ., ഡോ. റിജുലാൽ, ഡോ. രഞ്ജിത് മോഹൻ പി., ഡോ. സുജ ടി. വി., അനൂപ് ജെ അലക്കപ്പള്ളള്ളി, ആൽബർട്ട് ആന്റണി ടി., രജിത സി. ആർ., ഡോ. ദിനേശ് പി. കെ., സോബിൻ വർഗീസ് എം. വി., ഡോ. മഞ്ജുള കെ. വി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. റോസ്നികസ് പി. കെ., ഡോ. ബി. അശോക്, ഡോ. ജിനീഷ് പി. എസ്., സജിത് കുമാർ പി., സുശാന്ത് പി, ഡോ. ഷജില ബീവി, ഡോ. ചന്ദ്രമോഹൻ കെ.ടി

ഉച്ചയ്ക്ക് 2.30ന് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. പി. പി. പ്രകാശൻ ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാനട്രഷറർ ഡോ. ഡോ. എൻ. മനോജ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

സി.പി.ഐ. എം മുൻ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവും ധനമന്ത്രിയും, അധ്യാപക സംഘടനാ നേതാവുമായിരുന്ന സ.ടി.ശിവദാസമേനോൻ ,നടനും സംവിധായകനുമായിരുന്ന പ്രതാപ് പോത്തൻ, സി.പി.ഐ.എം നേതാവും മുൻ എം.എൽ.എ യുമായ സ.പി.രാഘവൻ, സ്വാതന്ത്ര്യസമര ഭടനും ഗാന്ധിയനുമായ പത്മശ്രീ പി. ഗോപിനാഥൻ നായർ തുടങ്ങിയവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ, സംസ്ഥാന സമ്മേളനത്തിന് ശേഷമുള്ള അഞ്ചാമത് പ്രവർത്തകസമിതി യോഗമാണിത്.

ഇതിനു മുൻപ് ചേർന്ന സംസ്ഥാന പ്രവർത്തക സമിതിയുടെ തീരുമാനപ്രകാരം സർവീസ് മേഖലയിലെ വിവിധ വിഷയങ്ങൾ മുൻനിർത്തിയുള്ള സെക്രട്ടറിയേറ്റ് മാർച്ച്, വനിതാ സബ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഈ വർഷം നടത്തുന്ന പ്രോഗ്രാമുകളുടെ സംസ്ഥാനതല ഉദ്ഘാടനം, അക്കാദമിക് സമിതിയുടെ

നേതൃത്വത്തിൽ നടത്തുന്ന സെമിനാർ പരമ്പരയുടെ സംസ്ഥാനതല ഉദ്ഘാടനം എന്നിവ ആഗസ്റ്റ് മാസത്തിൽ നടത്തണം. ബി. ഓപ്ഷൻ പ്രകാരമുള്ള പ്ലെയിസ്മെന്റ്, 6000-7000 പ്ലെയിസ്മെന്റ് ഉത്തരവുകൾ എന്നിവ ഉടനെ ഇറങ്ങുന്നതാണ്. പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച ഉത്തരവ് സർക്കാർ കോളേജുകളിലെ അംഗീകൃത ജേർണലുകൾ പരിഗണിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്ത ശേഷം എത്രയും വേഗം ഇറങ്ങുന്നതാണ്.

സർവ്വകലാശാലകൾ, ഹയർ എഡ്യൂക്കേഷൻ കൗൺസിൽ, കോളേജ് വിദ്യാഭ്യാസ വകുപ്പ് എന്നിവ നടത്തുന്ന ഷോർട്ട് ടേം കോഴ്സുകൾ പ്ലെയിസ്മെന്റിന് പരിഗണിക്കുന്ന വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സർവ്വകലാശാലയുടേയും, ഹയർ എഡ്യുക്കേഷൻ കൗൺസിലിന്റെയും അഭിപ്രായം ആരാഞ്ഞിരിക്കുന്നു ഇത് കിട്ടിയാലുടൻ ഈ വിഷയത്തിൽ തീരുമാനമെടുക്കും. മ്യൂസിക് കോളേജ് അധ്യാപകർക്ക് യു.ജി.സി അനുവദിക്കുന്നത് സംബന്ധിച്ച ഫയലും, അറബിക് അധ്യാപകരുടെ സർവ്വീസ് പ്രശ്നം സംബന്ധിച്ച ഫയലും ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കോഴ്സുകൾ അനുവദിക്കുന്ന വിഷയം, ഹോസ്റ്റലുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്ന വിഷയം എന്നിവയിൽ സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ഡൽഹിയിൽ ഐഫെക്ടോയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 3ന് നടക്കുന്ന പാർലമെന്റ് മാർച്ചിനോടനുബന്ധിച്ച് യൂണിറ്റുകളിൽ സംഘടിപ്പിക്കേണ്ട പ്രചാരണ പരിപാടികൾ സംബന്ധിച്ച് ഇന്ന് ചർച്ച നടത്തി തീരുമാനമെടുക്കേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്ക്കരണങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിയോഗിച്ച 3 സമിതികളിൽ രണ്ടെണ്ണം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇതിന്മേൽ ഇന്ന് രാവിലെ അക്കാദമിക് സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ശില്പശാല സംഘടിപ്പിച്ച് വിശദമായ ചർച്ച നടത്തി സംഘടനയുടെ അഭിപ്രായം രൂപീകരിക്കുകയുണ്ടായി. നോവൽ സാഹിത്യത്തിൽ തലശ്ശേരി ബ്രണ്ണൻ കോളേജിലെ മലയാളം വിഭാഗം അസോസിയേറ്റ് പ്രൊഫസറും എ.കെ.ജി.സി.ടി അംഗവുമായ ഡോ. ആർ. രാജശ്രീയ്ക്ക് ലഭിച്ച സംസ്ഥാന അവാർഡും, തിരുവനന്തവപുരം യൂണിവേഴ്സിറ്റി കോളേജിലെ ഹിന്ദി വിഭാഗം അസോസിയേറ്റ് പ്രൊഫസറും സംഘടനാഗവുമായ ഡോ. ഷീലാകുമാരിക്ക് ഹിന്ദി സാഹിത്യരചനകൾക്ക് ലഭിച്ച മധ്യപ്രദേശ് സർക്കാരിന്റെ പുരസ്കാരവും സംഘടനയ്ക്ക് അഭിമാനകരമാണ്.

ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിന്മേലും മറ്റ് വിഷയങ്ങളിലും സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങൾ വിശദമായ ചർച്ച നടത്തി. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. സർക്കാർ കോളേജുകളിൽ ആരംഭിക്കുവാൻ തീരുമാനിച്ച പുതിയ കോഴ്സുകൾ എത്രയും പെട്ടെന്ന് തുടങ്ങാൻ വേണ്ട ഇടപെടൽ നടത്തും.
2. കോളേജ് അധ്യാപകരുടെ പ്ലെയിസ്മെൻ്റിന് കോളേജ് വിദ്യാഭ്യാസ വകുപ്പ്, കേരള സ്റ്റേറ്റ് ഹയർ എജുക്കേഷൻ കൗൺസിൽ, സർവകലാശാലകൾ എന്നിവർ നടത്തുന്ന ഷോർട്ട് ടേം കോഴ്സുകൾ അംഗീകരിക്കുന്നതിനുള്ള സജീവ ഇടപെടൽ നടത്തും.
3. മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി, അറബിക് അധ്യാപകരുടെ സർവ്വീസ് വിഷയം എന്നിവയിൽ വീണ്ടും ആവശ്യമായ ഇടപെടൽ നടത്തും.
4. പറവൂരിൽ ആരംഭിക്കാൻ തീരുമാനിച്ച സർക്കാർ കോളജിന്റെ പ്രവർത്തനം എത്രയും വേഗം തുടങ്ങാൻ വേണ്ട ഇടപെടൽ നടത്തുന്നതാണ്.
5. മെമ്പർഷിപ്പ് പ്രവർത്തനം ആഗസ്റ്റ് 10നു മുമ്പ് പൂർത്തീകരിക്കേണ്ടതാണ്.

6. മ്യൂസിക് കോളേജ് അധ്യാപകർക്ക് യു.ജി.സി അനുവദിക്കുക, അറബിക് അധ്യാപകരുടെ സർവ്വീസ് പ്രശ്നം പരിഹരിക്കുക, ഡി.എ കുടിശ്ശിക അനുവദിക്കുക തുടങ്ങി സർവ്വീസ് മേഖലയിലെ വിവിധ പ്രശ്നങ്ങൾ മുൻനിർത്തി സംസ്ഥാനതലത്തിൽ നടത്തേണ്ട പ്രക്ഷോഭം ആഗസ്റ്റ് മാസം നടത്തുന്നതാണ്
7. അക്കാദമിക് സമിതി ഈ വർഷം നടത്തുന്ന വിവിധ സെമിനാറുകളുടെ സംസ്ഥാനതല ഉദ്ഘാടനം, വനിതാ സബ് കമ്മറ്റിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം എന്നിവ അഗസ്റ്റ് മാസം നടത്തുന്നതാണ്.
8. ആഗസ്റ്റ് മൂന്നിന് ഐഫെക്ടോയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പാർലമെന്റ് മാർച്ചിനോടനുബന്ധിച്ച് സംസ്ഥാനത്ത് എല്ലാ യൂണിറ്റുകളിലും അന്നേ ദിവസം പ്രതിഷേധ പ്രകടനവും വിശദീകരണ യോഗവും ചേരേണ്ടതാണ്.
9. ഉന്നതവിദ്യാഭ്യാസമേഖലയുടെ സമഗ്ര പരിഷ്ക്കരണണത്തിനായി സർക്കാർ നിയോഗിച്ച സമിതി റിപ്പോർട്ടിൻമേൽ സംഘടനയുടെ നിർദ്ദേശങ്ങൾ എത്രയും വേഗം സർക്കാരിന് സമർപ്പിക്കുന്നതാണ്.

യോഗം വൈകിട്ട് 5.00ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
31-07-2022

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി